

# ഓണ സ്വപ്നം

**• പകൽക്കുറി വിശ്വൻ**

ഓണത്തപ്പനെഴുന്നള്ളുന്നു
ഓണപ്പുലരി ചിരിക്കുന്നു
ഓണപ്പൂവിളിയുയരുന്നു
ഓണപ്പാട്ടുകൾ പാടുന്നു.
ഓണപ്പൂക്കളിറുക്കുന്നു
പൂക്കളമൊന്നു ചമയ്ക്കുന്നു
ഓണക്കോടിയുടുക്കുന്നു
ഊഞ്ഞാലാടി രസിക്കുന്നു.
ഓണസദ്യയൊരുക്കുന്നു
തുമ്പിലവെച്ചു വിളമ്പുന്നു
ഉണ്ടു നിറഞ്ഞു കഴിഞ്ഞു, പിന്നെ
കാഴ്ചകൾ കണ്ടു നടക്കുന്നു.
ആണ്ടോടാണ്ടായിതുപോലെ
പഴമകൾ പാടിയിരുന്നിട്ടും
സമത്വമെന്ന മഹാ സ്വപ്നത്തിൻ
മധുര വസന്തം വന്നില്ല.



▸▸ മണ്ണിനെ കുറിച്ച് പഠിക്കുന്ന ശാസ്ത്രശാഖ – പെഡോളജി

# ചക്ക

• അഷ്റഫ് കാവിൽ

മുള്ളുകളാണു
നിൻ മേനി നിറച്ചും
കോറിയാലിറ്റുന്ന
നീരും പശയും

എങ്കിലും മൂത്ത്
പഴുത്ത് നിൽക്കുമ്പോൾ
മണം പരക്കുമ്പോൾ
ഉള്ളം കൊതിക്കും
തേനൊഴുകും ചുള
ഒന്ന് രുചിക്കാൻ
മോഹിച്ചിടാത്തവർ
ആരാനുമുണ്ടോ?!



# ന്ത

• സുദർശനൻ കൈനകരി

പന്തൊന്നു വാങ്ങിച്ചു ചന്തു
ചന്ത മൈതാനത്തു ചെന്നു
ചന്തു കളിക്കാൻ വിളിച്ചു
അന്തപ്പനെത്തി കളിച്ചു.
അന്തപ്പനാഞ്ഞൊന്നടിച്ചു
ചന്തു തടുക്കാൻ ശ്രമിച്ചു
പന്തങ്ങു ദൂരെ തെറിച്ചു
പൊന്തയിൽ പോയങ്ങൊളിച്ചു.
പന്തു തെരഞ്ഞു മടുത്ത ചന്തു
അന്തപ്പനോടു കയർത്തു!



▸▸ ഏറ്റവും തണുപ്പു കൂടിയതും സ്ഥിരമായ മനുഷ്യവാസമില്ലാത്തതുമായ ഭൂഖണ്ഡം– അന്റാർട്ടിക്ക



# മലയാളപ്പെരുമ

• അബ്ദുൽ മജീദ് വേളം

കനകം വിളയുന്നൊരു നാട്
കഥ പറയും നമ്മുടെ നാട്
കവിത തുളുമ്പുന്നൊരീ നാട്
കേരള നാട് നമ്മുടെ കേരള നാട്!

അലമാലകൾ മുത്തമിടുന്നൊരു
കുളിരോലും കാഴ്ചകൾ കാണാം
കഥകളിയും തുള്ളൽ കളിയും
കൈകൊട്ടിക്കളിയും കാണാം.

തിരുവാതിര തെയ്യം കോൽക്കളി
തായമ്പക മുട്ടും കാണാം
മൈലാഞ്ചിക്കൈകളിൽ വിരിയും
മൊഞ്ചൂറുന്നൊരൊപ്പന കാണാം
വരുവിൻ പുകൾപെറ്റൊരു നാടിൻ
മലയാളപ്പെരുമകൾ കാണാൻ



വള്ളത്തോളാശാനുള്ളൂർ
കവികൾതൻ വരികൾ മൂളാം
മോയിൻകുട്ടിക്കവി തീർത്തൊരു
ഹുസുനുൽ ജമാലിനെ കാണാം.
തുള്ളിച്ചാടിക്കളിയാടും
കാട്ടാറിൻ പുഞ്ചിരി കാണാം.
വരുവിൻ ഇളനീരു കുടിച്ചീ
വള്ളം കളി കണ്ടു രസിക്കാം
വരുവിൻ പുകൾപെറ്റൊരു നാടിൻ
മലയാളപ്പെരുമകൾ കാണാൻ!!



▸▸ ഹോർമോൺ ആയി കണക്കാക്കുന്ന വൈറ്റമിൻ– വൈറ്റമിൻ. ഇ



# ആരാണ്?

• മനോഹർ. ഇരിങ്ങൽ

ആനയ്ക്കൊപ്പമാരാണ്?
ആലത്തൂരിലുള്ളവരാണ്!
ആലത്തൂരിലുള്ളവരാരാണ്?
ആനപ്പാപ്പാൻമാരാണ്!



# തീപ്പെട്ടി

• അസുരമംഗലം
വിജയകുമാർ

കണ്ടോ, കുട്ടാ തീപ്പെട്ടി
ഉണ്ടേ, ഉള്ളിൽ ചെറു കൊള്ളി
രണ്ടുംകൂടി ഉരയ്ക്കരുതേ
ഉണ്ടായീടും തീക്കൊള്ളി!

▸▸ വെളുത്ത ഭൂഖണ്ഡം എന്നറിയപ്പെടുന്നത്– അന്റാർട്ടിക്ക